


1. **എന്താണ് ലക്കി ബിൽ മൊബൈൽ ആപ്പ് ?**

   സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ പൊതുജനങ്ങൾ നൽകുന്ന നികുതി സർക്കാരില്ലേക്ക് എത്തുന്നു എന്ന് ജനങ്ങൾക്ക് ഉറപ്പാക്കാനുള്ള ഒരു സംവിധാനമാണ് ലക്കി ബിൽ ആപ്പ്.

2. **ലക്കി ബിൽ ആപ്പ് എവിടെ നിന്ന് ലഭിക്കും ?**

   ഗൂഗിൾ പ്ളേസ്റ്റോറിൽ നിന്നോ സംസ്ഥാന നികുതി വകുപ്പ് വെബ് സൈറ്റിൽ നിന്നോ ഡൗൺ ലോഡ് ചെയ്യാം.

3. **ലക്കി ബിൽ ആപ്പ് സൗജന്യമാണോ ?**

   പൂർണ്ണമായും സൗജന്യമാണ്.

4. **ലക്കി ബിൽ ആപ്പ് എല്ലാ ഫോണിലും ഇൻസ്റ്റാൾ ചെയ്യാനാകുമോ ?**

   ANDROID 8. ന് മുകളിൽ ഉള്ള എല്ലാ ഫോണുകളിലും ഇൻസ്റ്റാൾ ചെയ്യാം.

5. **ലക്കി ബിൽ ആപ്പിൽ ബിൽ അപ്ലോഡ് ചെയ്യുന്നത് പ്രയാസകരമായ ജോലിയാണോ ?**

   അല്ല. ആൻഡ്രോയ്ഡ് മൊബൈൽ ഫോൺ ഉപയോഗിക്കാൻ അറിയുന്ന ഏതൊരാൾക്കും വളരെ ലളിതമായി ബില്ലുകൾ അപ്ലോഡ് ചെയ്യാനാകും.

6. **ബില്ലുകൾ അപ്ലോഡ് ചെയ്യാൻ ആപ്പ് ഉപയോഗിച്ച് ഫോട്ടോ എടുത്താൽ മാത്രം മതിയോ ?**

KERALA GST

ഫോട്ടോ എടുത്ത് കഴിയുമ്പോൾ തന്നെ GST നമ്പർ , ഇൻവോയ്സ് നമ്പർ ,തീയതി , ഇൻവോയ്സ് തുക എന്നിവ ആപ്പ് ഓട്ടോമാറ്റിക് ആയി തന്നെ കാണിക്കും. ഏതെങ്കിലും വിവരങ്ങൾ ഓട്ടോമാറ്റിക് ആയി എടുക്കാതിരിക്കുകയോ , തെറ്റായി എടുക്കുകയോ ചെയ്താൽ വിവരങ്ങൾ തിരുത്തി സമർപ്പിക്കണം.

### 7. ബില്ലുകൾ അപ്ലോഡ് ചെയ്യുന്നത് കൊണ്ട് പൊതുജനങ്ങൾക്ക് ഉള്ള ഗുണം എന്ത് ?

സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ ലഭിക്കുന്ന ബില്ലുകൾ മാഞ്ഞ് പോകുമെന്നോ പേടിക്കേണ്ടമാത്രമല്ല തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നികുതി വകുപ്പ് ക്യാഷ് പ്രൈസ് ഉൾപ്പടെ നിരവധി സമ്മാനങ്ങളും നൽകുന്നുണ്ട്.

### 8. നറുക്കെടുപ്പ് എപ്പോഴാണ് നടത്തുന്നത് ?

പ്രതിദിന, പ്രതിവാര, പ്രതി മാസ നറുക്കെടുപ്പ് കൂടാതെ ഒരു ബമ്പർ നറുക്കെടുപ്പും ഉണ്ട്.

### 9. കേരളത്തിന് പുറത്ത് നിന്ന് വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകൾ ലക്കി ബില്ലിൽ അപ്ലോഡ് ചെയ്യാൻ സാധിക്കുമോ ?

സാധിക്കും. എന്നാൽ നറുക്കെടുപ്പിൽ പരിഗണിക്കില്ല .

### 10. GST നമ്പർ ഇല്ലാത്ത ബില്ലുകൾ അപ്ലോഡ് ചെയ്യാൻ സാധിക്കുമോ ?

സാധിക്കും . എന്നാൽ നറുക്കെടുപ്പിൽ പരിഗണിക്കില്ല .

### 11. ബില്ല് അപ് ലോഡ് ചെയ്താൽ പൊതുജനങ്ങൾക്ക് എന്താണ് ഗുണം.

പൊതുജനങ്ങൾ നൽകുന്ന നികുതി സർക്കാരിലേക്ക് എത്തുന്നു എന്ന് ഉറപ്പാക്കുന്നതിനോടൊപ്പം . തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നിരവധി സമ്മാനങ്ങളും ലഭിക്കും.

### 12. എന്തൊക്കെയാണ് സമ്മാനങ്ങൾ ?

പ്രതിദിന നറുക്കെടുപ്പിൽ വിജയികളാകുന്ന 25 പേർക്ക് കുടുംബശ്രീ നൽകുന്ന ആയിരം രൂപ മൂല്യമുള്ള ഗിഫ്റ്റ് പാക്കറ്റുകളും, 25 പേർക്ക് വനശ്രീ നൽകുന്ന ആയിരം രൂപ മൂല്യമുള്ള ഗിഫ്റ്റ് പാക്കറ്റുകളും ലഭിക്കും. കൂടാതെ പ്രതിവാര നറുക്കെടുപ്പിൽ വിജയികളാകുന്നവർക്ക് കെ.ടി.ഡി.സി ഹോട്ടലുകളിൽ 3പകൽ/2രാത്രി കുടുംബമായി താമസിക്കാനുള്ള സൗകര്യം. പ്രതിമാസ നറുക്കെടുപ്പിൽ ഒന്നാം സമ്മാനം നേടുന്നവർക്ക് 10 ലക്ഷം രൂപയും , രണ്ടാം സമ്മാനം നേടുന്ന 5 പേർക്ക് രണ്ട് ലക്ഷം രൂപ വീതവും , മൂന്നാം സമ്മാനം നേടുന്ന 5 പേർക്ക് ഒരു ലക്ഷം രൂപ വീതവും സമ്മാനം ലഭിക്കും . കൂടാതെ 25 ലക്ഷം രൂപയുടെ ബമ്പർ സമ്മാനവും ഉണ്ട് .

### 13. ഒരു ബില്ല് അപ്ലോഡ് ചെയ്താൽ ഒരു തവണയേ സമ്മാനത്തിന് പരിഗണിക്കുകയുള്ളോ?

അല്ല . നാല് തവണ സമ്മാനത്തിനായി പരിഗണിക്കും പ്രതിദിന, പ്രതിവാര, പ്രതിമാസ, ബമ്പർ നറുക്കെടുപ്പിൽ ഓരോ തവണ പരിഗണിക്കും .

### 14. എല്ലാ ബില്ലുകളും സമ്മാനത്തിന് പരിഗണിക്കുമോ ?

ഇല്ല . കേരളത്തിൽ GST രജിസ്ട്രേഷൻ ഉള്ള വ്യാപാരികളിൽ നിന്ന് ലഭിക്കുന്ന ബില്ലുകൾ മാത്രമേ സമ്മാനത്തിന് പരിഗണിക്കുകയുള്ളൂ .മാത്രമല്ല കച്ചവടക്കാർ തമ്മിൽ നടത്തുന്ന B2B ഇടപാടുകളുടെ ബില്ലുകളും സമ്മാനത്തിന് പരിഗണിക്കില്ല.

## 15. ബില്ലുകളുടെ മൂല്യത്തിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടോ ?

ഏത് ബില്ലുകളും അപ്‌ലോഡ് ചെയ്യാം എന്നാൽ കുറഞ്ഞത് 200 രൂപ മൂല്യം ഉള്ള ബില്ലുകൾ മാത്രമേ സമ്മാനത്തിന് പരിഗണിക്കുകയുള്ളൂ.

## 16. ബില്ലുകളുടെ പരമാവധി മൂല്യത്തിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടോ ?

ഇല്ല . എത്ര രൂപ മൂല്യം ഉള്ള ബില്ലുകളും അപ്ലോഡ് ചെയ്യാം . ഓരോ 1000 രൂപ മൂല്യത്തിനും ഒരു സമ്മാനകൂപ്പൺ എന്ന നിലയിൽ ഒരു ബില്ലിന് പരമാവധി 20 സമ്മാനകൂപ്പൺ വരെ ലഭിക്കും.

## 17. 1000 രൂപ മൂല്യമുള്ള ബില്ലിനും 15,000 രൂപ മൂല്യമുള്ള ബില്ലിനും ഒരുപോലെയാണോ സമ്മാനം ലഭിക്കാൻ ഉള്ള സാധ്യത ?

അല്ല . ബില്ലിലെ മൂല്യത്തിന് അനുസരിച്ചു നറുക്കെടുപ്പിൽ വിജയി ആകാനുള്ള സാധ്യത കൂടുതൽ ആണ് .

## ഏതൊക്കെ തരം ബില്ലുകൾ അപ് ലോഡ് ചെയ്യാം.

എല്ലാതരം ബില്ലുകളും അപ് ലോഡ് ചെയ്യാവുന്നതാണ്. അതായത് ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്തവരുടേയും ബില്ലുകൾ അപ് ലോഡ് ചെയ്യാവുന്നതാണ്. GSTIN നിർബന്ധമല്ല. ബിൽ നമ്പർ, തീയതി, തുക എന്നിവ നിർബന്ധമാണ്. എന്നാൽ നറുക്കെടുപ്പിന് പരിഗണിക്കുന്നത് മാനദണ്ഡങ്ങൾ പാലിക്കുന്ന ബില്ലുകൾ മാത്രമായിരിക്കും.

## ലക്കി ബിൽ നറുക്കെടുപ്പിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ

- അപ് ലോഡ് ചെയ്യുന്ന ഉപഭോക്താവ് ഇന്ത്യൻ പൗരൻ ആയിരിക്കണം.
- അപ് ലോഡ് ചെയ്യുന്നത് കേരളത്തിൽ നിന്ന് ആയിരിക്കണം.
- അപ് ലോഡ് ചെയ്യപ്പെടുന്ന ഫോട്ടോ ഒറിജിനൽ ബില്ലിന്റെ തന്നെയാവണം. അല്ലാതെ കൃത്രിമമായി നിർമ്മിച്ചതാവരുത്.
- പൂർണ്ണമായ ബില്ലിന്റെ ഫോട്ടോ അപ് ലോഡ് ചെയ്തിരിക്കണം.
- സ്വന്തമായി നടത്തിയതോ അല്ലെങ്കിൽ കുടുംബത്തിലെ മറ്റേതെങ്കിലും അംഗം നടത്തിയതോ ആയ പർച്ചേസിന്റെ ബില്ല് മാത്രമേ അപ് ലോഡ് ചെയ്യാൻ പാടുള്ളൂ.
- കേരളത്തിലെ ഒരു രജിസ്റ്റേഡ് ടാക്സ്പേയർ നൽകിയ ബിൽ ആയിരിക്കണം.
- കേരളത്തിന്റെ ജി.എസ്.ടി കോഡായ 32-ൽ ആരംഭിക്കുന്ന GSTIN നിന്നും ഉള്ള ബിൽ ആയിരിക്കണം.
- ബില്ലിലെ മിനിമം തുക 200 രൂപ ആയിരിക്കണം.
- പരമാവധി തുകയ്ക്ക് പരിധി ഇല്ല.
- B2B ബില്ലുകൾ ആകാൻ പാടില്ല.
- സാധനങ്ങൾ വാങ്ങിയതോ സേവനങ്ങൾ സ്വീകരിച്ചതോ ആയി ബന്ധപ്പെട്ട ബില്ല് ആയിരിക്കണം.
- ഒരു ബില്ല് ഒരു പ്രാവശ്യം മാത്രമേ അപ് ലോഡ് ചെയ്യാൻ പാടുള്ളൂ.
- ആഗസ്റ്റ് മുതൽ വിതരണം ചെയ്യുന്ന ബില്ലുകൾ മാത്രമേ നറുക്കെടുപ്പിന് പരിഗണിക്കൂ.
- ഓരോ നറുക്കെടുപ്പിനും പരിഗണിക്കുന്ന ബില്ലുകൾ ബന്ധപ്പെട്ട കാലയളവിൽ അപ് ലോഡ് ചെയ്യപ്പെട്ടതായിരിക്കണം.

## നറുക്കെടുപ്പിന് ബില്ലുകളുടെ മൂല്യം പരിഗണിക്കുന്ന രീതി.

ഉപഭോക്താക്കൾ അപ് ലോഡ് ചെയ്യുന്ന ഓരോ ഇൻവോയ്സ് / ബില്ലുകളുടെ മൂല്യം കൂടി

പരിഗണിച്ചാണ് നറുക്കെടുപ്പിൽ തെരഞ്ഞെടുക്കപ്പെടാനുള്ള സാധ്യത തീരുമാനിക്കുന്നത്. ഉദാഹരണത്തിന് 200 രൂപയ്ക്കും 10,000 രൂപയ്ക്കും ഇടയ്ക്ക് മൂല്യം വരുന്ന ഇൻവോയ്സ് / ബില്ലിന് ഓരോ ആയിരം രൂപയ്ക്കും തെരഞ്ഞെടുക്കപ്പെടാനുള്ള സാധ്യത വീതമാണ് നൽകുന്നത്. ഇതിന്റെ പട്ടിക താഴെ നൽകിയിരിക്കുന്നു. ഇത്തരത്തിൽ അപ് ലോഡ് ചെയ്യപ്പെടുന്ന ഒരു ബില്ലിൻമേൽ പരമാവധി 20 സാധ്യത വരെ ലഭ്യമാണ്.

| ബില്ലിലെ വില | അടിസ്ഥാന ഘടകം | ലഭിക്കുന്ന പരമാവധി സാധ്യത |
|---|---|---|
| 200 രൂപയ്ക്കു താഴെ | | |
| 200 രൂപ മുതൽ 1,000 രൂപ വരെ | | 1 |
| 1,001 രൂപ മുതൽ 10,000 രൂപ വരെ | 1,000 | 1+9 |
| 10,001 രൂപ മുതൽ 50,000 രൂപ വരെ | 15,000 | 10+2+2 |
| 50,001 രൂപ മുതൽ 1,00,000 രൂപ വരെ | 25,000 | 10+2+2+2 |
| 1,00,001 രൂപ മുതൽ 2,00,000 രൂപ വരെ | 50,000 | 10+2+2+2+2 |
| 2,00,001 രൂപയ്ക്ക് മുകളിൽ | | 20 |

## നറുക്കെടുപ്പ് നടത്തുന്ന രീതി

കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത മെഷീൻ ലേണിംഗ് അൽഗോരിതം ഉപയോഗിപ്പെടുത്തി നറുക്കെടുപ്പുകൾ പൂർണ്ണമായും സങ്കേതിക വിദ്യ ഉപയോഗിച്ചാണ് നടത്തുന്നത്. എന്നാൽ തെരഞ്ഞെടുക്കപ്പെടുന്ന ബില്ലുകളുടെ ആധികാരികതയും യോഗ്യതാ മാനദണ്ഡങ്ങളും ഉറപ്പാക്കുന്നതിനായി ഓൺ സ്ക്രീൻ വെരിഫിക്കേഷൻ നടത്തുന്നതായിരിക്കും. ഇതിന് ശേഷം ആയിരിക്കും വിജയികളുടെ വിവരം പ്രസിദ്ധീകരിക്കുന്നത്.

## സമ്മാന ഘടന

- പതിദിന നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന 25 പേർക്ക് കുടുംബശ്രീ ഉൽപ്പന്നങ്ങൾ അടങ്ങിയ 1000/ രൂപ വിലവരുന്ന ഗിഫ്റ്റ് പാക്കേജ്.
- പതിദിന നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന 25 പേർക്ക് വനശ്രീ ഉൽപ്പന്നങ്ങൾ അടങ്ങിയ 1000/ രൂപ വിലവരുന്ന ഗിഫ്റ്റ് പാക്കേജ്.
- പ്രതിവാര നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന 25 പേർക്ക് കുടുംബസമ്മേതം KTDC യുടെ പ്രീമിയം റിസോർട്ടുകളിൽ 3 പകൽ / 2 രാത്രി താമസിക്കാവുന്ന 10,000/ രൂപ മൂല്യം വരുന്ന ഫാമിലി പാക്കേജ്.
- പതിമാസ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ക്യാഷ് പ്രൈസുകൾ. ഒന്നാം സമ്മാനം 10ലക്ഷം രൂപ. രണ്ടാം സമ്മാനം 2 ലക്ഷം രൂപ വീതം അഞ്ച് പേർക്ക്. മൂന്നാം സമ്മാനം 1 ലക്ഷം രൂപ വീതം 5 പേർക്ക്.
- ഓണം ക്രിസ്തുമസ് എന്നിവ പ്രമാണിച്ച് ബംബർ സമ്മാനം 25 ലക്ഷം രൂപ.

## വിജയികളെ സമ്മാനം അറിയിക്കുന്ന രീതി.

വിജയികൾ ആകുന്നവരെ ലക്കി ബിൽ മൊബൈൽ അപ്ലിക്കേഷൻ വഴി നോട്ടിഫിക്കേഷൻ ആയി

അറിയിക്കുന്നതാണ്. കൂടാതെ ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റായ keralataxes.gov.in epw വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതാണ്.

## വിജയികൾക്ക് സമ്മാനം നൽകുന്ന രീതി.

- കുടുംബശ്രീ, വനശ്രീ എന്നിവയുടെ ഗിഫ്റ്റ് പാക്കറ്റുകൾ കൊറിയർ മാർഗ്ഗം വിജയികൾക്ക് ലക്കി ബിൽ ആപ്പിൽ നൽകിയിരിക്കുന്ന കേരളത്തിലെ അഡ്രസ്സിൽ അയയ്ക്കുന്നതാണ്.
- KTDC യുടെ ഫാമിലി പാക്കേജ് സമ്മാനമായി ലഭിക്കുന്നവർ, KTDCയുടെ സെൻട്രൽ റിസർവേഷൻ ഫസിലിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകൾ റിസർവേഷൻ നടത്താവുന്നതാണ്.
- ക്യാഷ് പ്രൈസ് ലഭിക്കുന്നവർക്ക് തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതാണ്. അതിനായി ബാങ്ക് അക്കൗണ്ട് വിവരങ്ങൾ GST ഡിപ്പാർട്ട്മെന്റിന് നൽകേണ്ടതാണ്.

**വിശദവിവരങ്ങൾക്ക് വിളിക്കൂ:**

0471 155 300(ടോൾ ഫ്രീ നമ്പർ)

**E mail:** luckybill.sgst@kerala gov.in

KERALA GST
State Goods & Services Tax

**www.keralataxes.gov.in**

facebook.com/keralastategst instagram.com/keralastategst Available on the Google Play keralaGST